www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## വിദേശസംഭാവന ചട്ടം കടുപ്പിച്ചു; പുതിയ നിയന്ത്രണങ്ങളുമായി കേന്ദ്രം, മതപരിവർത്തനത്തിന് വിലക്ക്

**ന്യൂഡൽഹി:** സ്ഥാപനങ്ങൾക്കു ബാധകമായ വിദേശ സംഭാവന നിയന്ത്രണ നിയമത്തിന്റെ (എഫ്സിആർഎ) ചട്ടങ്ങൾ കേന്ദ്രസർക്കാർ കൂടുതൽ കർശനമാക്കി. 2011 ലെ എഫ്സിആർഎ ചട്ടത്തിൽ വരുത്തിയ ഭേദഗതി തിങ്കളാഴ്ച പ്രാബല്യത്തിലായി.



ഇനി പൊതുവായ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും മാത്രം ചൂണ്ടിക്കാട്ടി വിദേശസംഭാവനയ്ക്ക് അനുമതി തേടാനാവില്ല. മതം, സംസ്കാരം, സാമ്പത്തികം, വിദ്യാഭ്യാസം, സാമൂഹികം എന്നീ 5 വിഭാഗങ്ങളിലായുള്ള 105 തരം പ്രവർത്തനങ്ങളിലൊന്നാണ് ലക്ഷ്യമെന്നു വ്യക്തമാക്കിയാലേ എഫ്സിആർഎ റജിസ്ട്രേഷൻ അനുവദിക്കൂ. ഉദാഹരണത്തിന്, മത വിഭാഗത്തിൽ ആരാധാനലയങ്ങളുടെ നിർമാണവും പുനരുദ്ധാരണവും, വിശുദ്ധ ഗ്രന്ഥങ്ങളുടെ അച്ചടി എന്നിങ്ങനെ 18 പ്രവർത്തനങ്ങളാണ് അനുവദനീയം. മതപരിവർത്തന പ്രവർത്തനങ്ങൾക്കു വിലക്കുണ്ട്. ചില മേഖലകളിൽ രാഷ്ട്രീയമായ പ്രവർത്തനങ്ങൾക്കും നിയന്ത്രണമുണ്ട്. സ്ഥാപനം പ്രവർത്തിക്കുന്ന സംസ്ഥാനങ്ങൾ ഏതൊക്കെയെന്നു വ്യക്തമാക്കണം. നിലവിൽ എഫ്സിആർഎ റജിസ്ട്രേഷനുള്ള എല്ലാ സ്ഥാപനങ്ങളും ഒരു വർഷത്തിനകം മേഖലയും സംസ്ഥാനങ്ങളും സർക്കാരിനെ അറിയിക്കണം. ഒന്നിലേറെ പ്രവർത്തനമേഖലകളോ സംസ്ഥാനങ്ങളോ തിരഞ്ഞെടുത്താൽ അപേക്ഷയ്ക്ക് അധിക തുക നൽകണം.

## നീരവ് മോദിക്ക് വീണ്ടും തിരിച്ചടി; ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 100 കോടിയിലധികം രൂപ നൽകാൻ ലണ്ടൻ കോടതി ഉത്തരവ്



**ലണ്ടൻ:** തടവിൽ കഴിയുന്ന വിവാദ വജ്രവ്യാപാരിയും ഇന്ത്യൻ ബാങ്കുകളെ വെട്ടിച്ച് മുങ്ങിയതുമായ നീരവ് മോദിക്ക് യുകെയിൽ പുതിയ നിയമപരമായ തിരിച്ചടി. ദുബായ് ആസ്ഥാനമായുള്ള കമ്പനിക്ക് നൽകിയ വായ്പയുമായി ബന്ധപ്പെട്ട കേസിൽ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് 10.7 ദശലക്ഷം യുഎസ് ഡോളർ (100 കോടിയിലധികം രൂപ) തിരികെ നൽകാൻ ലണ്ടനിലെ സർക്യൂട്ട് കൊമേഴ്സ്യൽ കോടതി ഉത്തരവിട്ടു.

2012ൽ നീരവ് മോദിയുടെ ഉടമസ്ഥതയിലുള്ള ഫയർസ്റ്റാർ ഡയമണ്ട് എഫ്ഇസഡ്ഇ എന്ന ദുബായ് കമ്പനിക്ക് ബാങ്ക് ഓഫ് ഇന്ത്യ വായ്പ അനുവദിച്ചിരുന്നു. വായ്പ തിരിച്ചടച്ചില്ലെങ്കിൽ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുമെന്ന് കാണിച്ച് 2012 ഓഗസ്റ്റിൽ നീരവ് മോദി ഒപ്പിട്ടുനൽകിയ വ്യക്തിഗത ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലാണ് കോടതി ഇപ്പോൾ വിധി പ്രസ്താവിച്ചത്.

വായ്പയുടെ അസ്സൽ തുകയായ 4.1 ദശലക്ഷം ഡോളറും (ഏകദേശം 38.9 കോടി രൂപ), ഇതിന്മേൽ ബാങ്ക് ഈടാക്കിയ പലിശയും ചേർത്താണ് മൊത്തം തുക 10.7 ദശലക്ഷം ഡോളറായി നിശ്ചയിച്ചത്.

തനിക്ക് ബാങ്കിൽ നിന്ന് ഡിമാൻഡ് നോട്ടീസുകൾ ലഭിച്ചിട്ടില്ലെന്നും വായ്പ റദ്ദാക്കിയ നടപടി നിയമപരമല്ലെന്നുമുള്ള നീരവ് മോദിയുടെ വാദങ്ങൾ കോടതി പൂർണമായും തള്ളി. നിലവിൽ ലണ്ടനിലെ തേംസൈഡ് ജയിലിൽ കഴിയുന്ന മോദിക്ക് ഒക്ടോബർ 2025 ലെ നോട്ടീസ് ജയിലിൽ വെച്ച് കൃത്യമായി കൈപ്പറ്റിയിട്ടുണ്ടെന്ന് ജഡ്ജി സൈമൺ ടിങ്ക്ലർ ചൂണ്ടിക്കാട്ടി.

പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 13,000 കോടി രൂപ തട്ടിയ കേസിൽ പ്രധാന പ്രതിയാണ് നീരവ് മോദി. 2018ൽ ഈ തട്ടിപ്പ് വിവരങ്ങൾ പുറത്തുവന്നതോടെയാണ് ഫയർസ്റ്റാർ ഗ്രൂപ്പിന്റെ സാമ്പത്തിക ഭദ്രത തകർന്നതും ബാങ്ക് ഓഫ് ഇന്ത്യ നൽകിയ വായ്പ തിരിച്ചടവ് മുടങ്ങിയതും. ഇന്ത്യയിലേക്ക് നാടുകടത്താനുള്ള നിയമ നടപടികൾക്കെതിരെ ലണ്ടൻ ജയിലിൽ കിടന്ന് നീരവ് മോദി പോരാടുന്നതിനിടയിലാണ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയ സിവിൽ കേസിൽ ഈ പുതിയ കോടതി ഉത്തരവ് വന്നിരിക്കുന്നത്.

## പൊലീസ് സ്റ്റേഷനുകളുടെ നിയന്ത്രണം ഇനി എസ്ഐമാർക്ക്

**തിരുവനന്തപുരം:** സംസ്ഥാനത്ത് പൊലീസ് സ്റ്റേഷനുകൾ വീണ്ടും സബ് ഇൻസ്പെക്ടർമാർ (എസ്ഐ) നിയന്ത്രിക്കും. സർക്കിൾ സംവിധാനം മടങ്ങിയെത്തും. 210 പൊലീസ് സർക്കിളുകൾ രൂപീകരിച്ച് സിഐമാർക്കു ചുമതല നൽകാൻ സംസ്ഥാന പൊലീസ് മേധാവി റാവാഡ ചന്ദ്രശേഖർ ആഭ്യന്തരവകുപ്പിന് നൽകിയ റിപ്പോർട്ടിൽ പറയുന്നു.

പൊലീസ് സംവിധാനത്തിൽ സമഗ്രമായ മാറ്റം നിർദേശിച്ചാണ് ഡിജിപി റിപ്പോർട്ട് സമർപ്പിച്ചത്. എട്ടു വർഷം മുൻപ് നടപ്പാക്കിയ സ്റ്റേഷൻ ഹൗസ് ഓഫിസർ സംവിധാനത്തിലാണ് സമഗ്രമായ മാറ്റം നിർദേശിച്ചത്. സംസ്ഥാനത്തെ വലിയ 63 സ്റ്റേഷനുകളിൽ മാത്രം ഇൻസ്പെക്ടർമാർ നേരിട്ട് സ്റ്റേഷൻ ഹൗസ് ഓഫിസർ ആയാൽ മതിയെന്നാണ് ഡിജിപിയുടെ പ്രധാന ശുപാർശ. ക്രമസമാധാന ചുമതലയിൽ നിന്നും ഒഴിവാക്കുന്ന 206 ഇൻസ്പെക്ടർമാരെ മറ്റ് പ്രധാന മേഖലകളിലേക്ക് മാറ്റി നിയമിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു. പൊലീസ് ആസ്ഥാനത്തെ എഡിജിപിയുടെ നേതൃത്വത്തിലാണ് എസ്എച്ച്ഒ സംവിധാനം സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയത്. സ്റ്റേഷൻ ഹൗസ് ഓഫിസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കാൻ 2017ലാണ് ഇടതു സർക്കാർ തീരുമാനിച്ചത്.

## ഹോർമുസ് വഴിയുള്ള ചരക്കുനീക്കം പുനരാരംഭിച്ചു; 11 കപ്പലുകൾ ഭാരതത്തിലേക്ക് പുറപ്പെട്ടു

**ന്യൂഡൽഹി:** അമേരിക്കയും ഇറാനും തമ്മിൽ സമാധാന കരാറിൽ ധാരണയെത്തുടർന്ന് ഹോർമുസ് കടലിടുക്ക് വഴി ഭാരതത്തിലേക്കുള്ള ചരക്കുനീക്കം പുനരാരംഭിച്ചു. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ ഇന്ത്യ ലക്ഷ്യമാക്കി 11 കപ്പലുകൾ പുറപ്പെട്ടതായാണ് റിപ്പോർട്ട്. ക്രൂഡ് ഓയിൽ, ഗ്യാസ്, വളം എന്നിവ കയറ്റിയ ഈ കപ്പലുകൾ കടലിടുക്ക് കടന്നതായി വിദേശകാര്യ മന്ത്രാലയം ചൊവ്വാഴ്ച അറിയിച്ചു.



കൂടാതെ ഭാരതത്തിന്റെ രണ്ട് കപ്പലുകൾ ഗൾഫ് മേഖലയിലേക്ക് പുറപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് മേഖലയിലെ നാവിക ഗതാഗതത്തിനുള്ള തടസ്സങ്ങൾ നീങ്ങുന്നതിന്റെ സൂചനയാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് വ്യക്തമാക്കി.

കടലിടുക്ക് കടന്നുവന്ന കപ്പലുകളിൽ മൂന്ന് ഭാരത പതാക ഘടിപ്പിച്ച എണ്ണക്കപ്പലുകളും ഉൾപ്പെടുന്നു. ഇതിൽ ഓരോന്നിലും 28,500 മെട്രിക് ടൺ ക്രൂഡ് ഓയിൽ വീതമാണുള്ളത്. കൂടാതെ ഒരു വിദേശ എണ്ണക്കപ്പൽ, ഒരു എൽപിജി കപ്പൽ, വളം കയറ്റിയ ആറ് വിദേശ ബൾക്ക് കാരിയറുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. മേഖലയിലെ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി യുഎസും ഇറാനും തമ്മിൽ 14 ഇന ധാരണാപത്രത്തിൽ ഒപ്പുവെച്ചതോടെയാണ് ചരക്കുനീക്കം സുഗമമായത്.






## എം.ജി സർവകലാശാല

### വൈവ വോസി

നാലാം സെമസ്റ്റർ എംഎ സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 ന്റെ പ്രൊജക്റ്റ്, വൈവ വോസി പരീക്ഷകൾ ജൂൺ 29 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

മൂന്നും നാലും സെമസ്റ്റർ എംകോം (സിഎസ്എസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2014, 2015 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) ഫെബ്രുവരി 2026 ന്റെ വൈവ വോസി പരീക്ഷകൾ ജൂൺ 29, 30 തീയതികളിലായി നടക്കും.

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

സിബിസിഎസ്എസ് യു.ജി കോഴ്സുകൾ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്), സൈബർ ഫോറൻസിക് (സിബിസിഎസ്എസ്) (2018 അഡ്മിഷൻ റീഅപ്പിയറൻസ്, 2014 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ ജൂൺ 2026 പരീക്ഷകൾക്ക് ജൂൺ 27 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 29 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 31 വരെയും അപേക്ഷ സ്വീകരിക്കും.

### പരീക്ഷാ തീയതി

ഒന്നു മുതൽ എട്ടു വരെ  സെമസ്റ്ററുകൾ ബിടെക്ക് (സിപാസ്) (2017 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ സെപ്റ്റംബർ 7 മുതൽ നടക്കും.

## സി.വി. പാപ്പച്ചൻ അവാർഡ് 2026 എൻട്രി ക്ഷണിക്കുന്നു

**കൊച്ചി:** എറണാകുളം പ്രസ് ക്ലബിന്റെ സ്ഥാപകരിൽ പ്രമുഖനും മാധ്യമ പ്രവർത്തകനുമായിരുന്ന ശ്രീ. സി.വി. പാപ്പച്ചന്റെ സ്മരണാർഥം അദ്ദേഹത്തിന്റെ കുടുംബം എറണാകുളം പ്രസ് ക്ലബിൽ ഏർപ്പെടുത്തിയിട്ടുള്ള സി.വി. പാപ്പച്ചൻ അവാർഡിന് എൻട്രി ക്ഷണിക്കുന്നു.  ദൃശ്യ മാധ്യമ റിപ്പോർട്ടിനാണ് 2026 ലെ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്.

മനുഷ്യർ  എന്നതാണ് വിഷയം. മലയാളം ടി.വി ചാനലുകളിൽ 2025 നവംബർ ഒന്നിനും 2026 മേയ്  31 നും ഇടയിൽ സംപ്രേഷണം ചെയ്ത ഏഴു മിനിറ്റിൽ കവിയാത്ത റിപ്പോർട്ടാണ് പരിഗണിക്കുക. 20,000 രൂപയും പ്രശസ്തിപത്രവും ശിൽപവും അടങ്ങുന്നതാണ് അവാർഡ്.

സംപ്രേഷണം ചെയ്ത റിപ്പോർട്ടിന്റെ പെൻ ഡ്രൈവ് ന്യൂസ് എഡിറ്റർ സാക്ഷ്യപ്പെടുത്തിയ കത്ത് സഹിതമാണ് അയക്കേണ്ടത്. എൻട്രിയോടൊപ്പം ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണ പാഠം എന്നിവ എഴുതി നൽകണം. എൻട്രി 2026 ജൂലൈ 10 വെള്ളി  വൈകീട്ട് അഞ്ചിന്  മുമ്പ് സെക്രട്ടറി, എറണാകുളം പ്രസ് ക്ലബ്, പ്രസ് ക്ലബ് റോഡ്, കൊച്ചി11 എന്ന വിലാസത്തിൽ ലഭിക്കണം.

കവറിന് പുറത്ത് സി.വി. പാപ്പച്ചൻ അവാർഡ് എൻട്രി എന്ന് രേഖപ്പെടുത്തിയിരിക്കണം.

## അങ്കമാലി– അരൂർ: 49.5 കിലോമീറ്ററിൽ എറണാകുളം ബൈപാസിനു പദ്ധതി



**തിരുവനന്തപുരം:** ദേശീയപാതയിൽ അങ്കമാലിയെയും അരൂരിനെയും തമ്മിൽ ബന്ധിപ്പിച്ച് 49.5 കിലോമീറ്ററിൽ എറണാകുളം ബൈപാസ് നിർമിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയാറാവുന്നുണ്ടെന്ന് മന്ത്രി പി.കെ.ബഷീർ നിയമസഭയെ അറിയിച്ചു. ദേശീയപാത അതോറിറ്റിയാണ് നടപടി സ്വീകരിക്കുന്നത്. ഭൂമി ഏറ്റെടുക്കലിന് 6183.4 കോടി, നിർമാണ പ്രവർത്തനങ്ങൾക്ക് 6551.1 കോടി എന്നിങ്ങനെ 13553.5 കോടി രൂപയാണ് ആകെ ചെലവ് . കേന്ദ്ര ഉപരിതല വകുപ്പിന്റെ അനുമതി ലഭ്യമായാൽ ഭൂമി ഏറ്റെടുക്കൽ ആരംഭിക്കാൻ സാധിക്കുമെന്നും അൻവർ സാദത്തിന്റെ സബ്മിഷന് മന്ത്രി മറുപടി പറഞ്ഞു.

അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള നിലവിലെ എൻഎച്ച് 544 പാത, 2530 മീറ്റർ വരെ വീതിയുള്ള നാലുവരിപ്പാതയാണ്. ഇരുവശവുമുള്ള നഗരവൽക്കരണം കാരണം ഈ റോഡ് വികസിപ്പിക്കുക സാധ്യമല്ല. മാർത്താണ്ഡവർമ പാലത്തിന് ആവശ്യത്തിന് വീതി ഇല്ലാത്തതും ഗതാഗതക്കുരുക്കിന് കാരണമാകുന്നുണ്ട്. ആലുവ ബൈപാസിലെ മാർത്താണ്ഡവർമ പാലത്തിന് സമാന്തരമായി പുതിയ പാലമോ ഉയരപ്പാതയോ നിർമിക്കുന്നതിനുള്ള നിർദേശം പരിഗണനയിലില്ലെന്നും മന്ത്രി പറഞ്ഞു.



## ഫൺ റൺ സംഘടിപ്പിച്ചു

**തിരുവനന്തപുരം:** ജപ്പാനിൽ നടക്കാനിരിക്കുന്ന ഐച്ചിനഗോയ ഏഷ്യൻ ഗെയിംസ് 2026ന് മുന്നോടിയായി ഐച്ചിനഗോയ ഏഷ്യൻ ഗെയിംസ് ഫൺ റൺ 2026 തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ, സംസ്ഥാന സർക്കാർ എന്നിവയുമായി സഹകരിച്ച് കേരള ഒളിമ്പിക് അസോസിയേഷനാണ് അന്താരാഷ്ട്ര ഒളിമ്പിക് ദിനാചരണത്തിന്റെ ഭാഗമായി ഫൺ റൺ തലസ്ഥാനത്ത് ഒരുക്കിയത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിച്ച ഫൺ റണ്ണിന്റെ ഫ്ലാഗ് ഓഫ്  ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ,  കേന്ദ്ര കായിക യുവജനകാര്യ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ, മന്ത്രിമാരായ ബിന്ദു കൃഷ്ണ,  ടി. സിദ്ദിഖ്, ഒ. ജെ. ജനീഷ്, റോഷി അഗസ്റ്റിൻ തുടങ്ങിയവർ ചേർന്ന് നിർവഹിച്ചു.

ഒളിമ്പിക്സിൽ കൂടുതൽ തിളങ്ങാനും ഭാവിയിൽ ഒളിമ്പിക്സിന് ഇന്ത്യ വേദിയാകാനും എല്ലാവരും ഒന്നിച്ചു കഠിനമായി പരിശ്രമിക്കേണ്ടതുണ്ടെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. ഏഷ്യൻ ഗെയിംസിന് മുന്നോടിയായി സംഘടിപ്പിക്കുന്ന ഫൺ റൺ2026 കേരളത്തെ സംബന്ധിച്ച് അഭിമാനകരമായ ഒരു ഇവന്റ് ആണെന്നും ഗവർണർ പറഞ്ഞു. ഫൺ റണ്ണിൽ പങ്കെടുത്ത എല്ലാവർക്കും ഗവർണർ ആശംസകൾ അറിയിച്ചു.

ഇന്ത്യൻ സ്പോർട്സ് രംഗത്തിന് കേരളം നൽകിയ സംഭാവനകൾ നിസ്തുലമാണെന്ന് കേന്ദ്ര കായികയുവജനകാര്യ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു. കേരളത്തിൽ നിന്നുള്ള സ്പോർട്സ് താരങ്ങൾ അന്താരാഷ്ട്രതലത്തിൽ എന്നും ഇന്ത്യയുടെ അഭിമാനം ഉയർത്തിപ്പിടിച്ചിട്ടുണ്ട് എന്നും മന്ത്രി കൂട്ടിച്ചെർത്തു.

വി. മുരളീധരൻ എംഎൽഎ,  മേയർ വി. വി. രാജേഷ്, ഡെപ്യൂട്ടി മേയർ ആശാ നാഥ്,  ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പി. ടി. ഉഷ, ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ വിനോദ് തിവാരി, സംസ്ഥാന സ്പോർട്സ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പ്രശാന്ത്, കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ, കളക്ടർ അനുകുമാരി, ഒളിമ്പ്യൻ പി. ആർ. ശ്രീജേഷ് തുടങ്ങിയവർ പങ്കെടുത്തു.



## പുതുമോടിയിൽ ശംഖുമുഖം ബീച്ച്

**തിരുവനന്തപുരം:** കരയിൽ ഇരുന്ന്, കടൽ സൗന്ദര്യം ആസ്വദിക്കാൻ വേവ് പ്രൂഫ് ഗാലറി, കടലിലേക്ക് ഇറങ്ങാൻ ഗോവണി, മത്സ്യത്തൊഴിലാളികൾക്ക് കടലിലേക്ക് ബോട്ടുകൾ ഇറക്കാൻ റാംപുകൾ... കടലേറ്റത്തിൽ പൂർണമായി തകർന്ന ശംഖുമുഖം തീരം പുതുമോടിയിൽ അണിഞ്ഞൊരുങ്ങുകയാണ്. ഓണത്തിനു മുന്നോടിയായി ബീച്ച് തുറക്കും. മേജർ ഇറിഗേഷൻ വകുപ്പാണ് തീരം പുനർ നിർമിക്കുന്നത്. നാവിക സേനാദിന ആഘോഷങ്ങൾക്ക് വേദിയായപ്പോൾ ഒന്നാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഇതിനു തുടർച്ചയായി 14 കോടി മുടക്കിയാണ് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ. ശംഖുമുഖം എയർപോർട്ട് റോഡ് സംരക്ഷിക്കാൻ നിർമിച്ച ഡയഫ്രം വാളിന്റെ തുടർച്ചയായി 355 മീറ്റർ നീളത്തിലാണ് നിലവിലെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

കരയിൽ നിന്ന് ബോട്ടുകൾ കടലിലേക്ക് ഇറക്കാൻ 6 മീറ്റർ നീളത്തിൽ രണ്ടു റാംപുകളുണ്ടാകും. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ ആറാട്ട് നടക്കുമ്പോൾ ഭക്തർക്ക് തീരത്തേക്കിറങ്ങാൻ 20 മീറ്റർ നീളത്തിൽ മൂന്നാമതൊരു റാംപും നിർമിക്കുന്നുണ്ട്. കടൽഭിത്തി മുതൽ ആറാട്ടു മണ്ഡപം കഴിഞ്ഞുള്ള സ്ഥലം വരെ 8 മീറ്റർ ആഴത്തിൽ ചെറുതും വലുതുമായ കരിങ്കല്ലുകൾ അടുക്കും. ഇതു ശക്തമായ തിരമാലകളെ പ്രതിരോധിക്കുമെന്ന് ഇറിഗേഷൻ വകുപ്പ് അധികൃതർ പറഞ്ഞു. കഴിഞ്ഞ വർഷം ജൂണിലെ കാലവർഷത്തിലാണ് ശംഖുമുഖം ബീച്ച് പൂർണമായി കടലെടുത്തത്.

ആറാട്ട് മണ്ഡപം സംരക്ഷിക്കാൻ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 35 ലക്ഷം രൂപ ചെലവഴിച്ച് ഇറിഗേഷൻ വകുപ്പ് ജിയോ ബാഗുകൾ സ്ഥാപിച്ചു. തീരത്തിന് അഭിമുഖമായി 120 മീറ്റർ നീളത്തിലാണ് ജിയോ ബാഗുകൾ സ്ഥാപിച്ചത്. തീര സംരക്ഷണത്തിന് സാങ്കേതിക വിദഗ്ധരുടെ യോഗം ചേരാൻ കഴിഞ്ഞ വർഷം ജൂൺ 20 ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നാഷനൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ സാങ്കേതിക ഉപദേശകനും ഡീപ് വാട്ടർ മിഷന്റെ ഡയറക്ടറുമായ എം.വി.രമണ മൂർത്തിയും സംഘവും തീരം സന്ദർശിച്ചു.

തീരദേശ വികസന കോർപറേഷൻ, ഇറിഗേഷൻ വകുപ്പ്, പൊതു മരാമത്ത് വകുപ്പുകൾ തീര സംരക്ഷണത്തിനുള്ള പദ്ധതികൾ സമർപ്പിച്ചു. ഇതിൽ നിലവിലെ കോൺക്രീറ്റ് കടൽ ഭിത്തിയുടെ നീളം കൂട്ടണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയാണ് അവസാനം നടപ്പാക്കാൻ തീരുമാനിച്ചത്.



# പകർച്ചവ്യാധി പ്രതിരോധം: ഉന്നതാധികാര കമ്മിറ്റി പ്രാഥമിക റിപ്പോർട്ട് മന്ത്രി കെ.മുരളീധരന് കൈമാറി

**തിരുവനന്തപുരം:** പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ രൂപീകരിച്ച ഉന്നതാധികാര കമ്മിറ്റി പ്രാഥമിക റിപ്പോർട്ട് ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരന് കൈമാറി. സെക്രട്ടേറിയറ്റിലെ മന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ കമ്മിറ്റി ചെയർമാൻ ഡോ.എസ്.എസ്.ലാൽ, കൺവീനർ ഡോ.ശ്രീജിത്ത്.എൻ.കുമാർ, അംഗം ഡോ.എ.അൽത്താഫ് എന്നിവർ ചേർന്നാണ് റിപ്പോർട്ട് കൈമാറിയത്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് അടിയന്തരപ്രാധാന്യത്തോടെ തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

കൂടുതൽ ചർച്ച നടത്തി വിവിധ ജില്ലകളിലെ ഹോട്ട്സ്പോട്ടുകൾ സന്ദർശിച്ച് കമ്മിറ്റി വിശദമായ റിപ്പോർട്ട് പിന്നീട് നൽകും. നിപ എന്തുകൊണ്ട് പ്രത്യേക സ്ഥലങ്ങളിൽ മാത്രം കാണുന്നു, അമീബിക് മസ്തിഷ്കജ്വരത്തിന്റെ ഉറവിടം തുടങ്ങിയ കാര്യങ്ങളിൽ സമിതി വിശദമായ പഠനം നടത്തും. പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ വേഗത്തിൽ ആശ്വാസം കിട്ടുന്നതിനുള്ള ശുപാർശകൾ ഉടൻ നടപ്പിലാക്കും. ചുരുങ്ങിയ ദിവസത്തിനുള്ളിൽ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ച കമ്മിറ്റിയോട് മന്ത്രി നന്ദി അറിയിച്ചു.

മുൻ വർഷം ഇതേ കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഡെങ്കിപ്പനി കേസുകളെക്കാൾ കുറവാണ് ഈ വർഷം ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് കമ്മിറ്റി വിലയിരുത്തി. അതേസമയം ഷിഗല്ല പോലുള്ള ജലജന്യ രോഗങ്ങൾ ഈ വർഷം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. എൽനിനോ പ്രതിഭാസത്തിന്റെയും ആഗോള തലത്തിൽ സംഭവിക്കുന്ന കാലാവസ്ഥാ മാറ്റങ്ങളുടേയും തുടർച്ചയായി ഡെങ്കിപ്പനി, ചിക്കുൻഗുനിയ പോലുള്ള കൊതുക് ജന്യ രോഗങ്ങൾ വരും മാസങ്ങളിൽ കൂടുതൽ വ്യാപകമാകാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ജാഗ്രതയോടെ തുടരണം. പകർച്ചവ്യാധി പ്രതിരോധയജ്ഞത്തിന് 'ഗോൾ' എന്ന പേര് നൽകി പരിപാടികൾ നടപ്പാക്കണമെന്നും കമ്മിറ്റി ശുപാർശയിലുണ്ട്.

# സർവ്വജനയിൽ ലോകകപ്പ് ആരവത്തിന് തുടക്കം

**സുൽത്താൻ ബത്തേരി:** ഗവ. സർവ്വജന ഹയർ സെക്കൻഡറി സ്കൂളിൽ ലോകകപ്പ് ഫുട്ബോളിനോടനുബന്ധിച്ച് സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോകകപ്പ് ഫുട്ബോൾ ആരവം പരിപാടികൾക്ക് ആവേശകരമായ തുടക്കം. ജില്ലാ ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറി ബിനു തോമസ് മേള ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളിൽ കായിക സംസ്കാരവും ഫുട്ബോൾ ആവേശവും വളർത്താൻ ഇത്തരം കൂട്ടായ്മകൾക്ക് സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കായി ഒരുക്കിയ ലോകകപ്പ് പ്രവചന മത്സരത്തിന്റെ ഉദ്ഘാടനം എസ്.എം സോഫ്റ്റ് കമ്പ്യൂട്ടേഴ്സ് ഉടമ പി.എം സഹീർ നിർവ്വഹിച്ചു.

സ്കൂൾ മൈതാനത്ത് നടന്ന ആവേശകരമായ ഷൂട്ടൗട്ട് മത്സരം പ്രിൻസിപ്പൽ പി.എ അബ്ദുൽ നാസർ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ ഫുട്ബോൾ നൈപുണ്യം വിളിച്ചോതിയ സ്കിൽ പ്രദർശന മത്സരം ഹെഡ് മാസ്റ്റർ ബിജി വർഗീസ് ഉദ്ഘാടനം ചെയ്തു. വലിയ ആവേശത്തോടെയാണ് വിദ്യാർത്ഥികളും അധ്യാപകരും വിവിധ മത്സരങ്ങളിൽ പങ്കാളികളായത്. കായിക അധ്യാപകരും സ്പോർട്സ് ക്ലബ് ഭാരവാഹികളുമായ അനിൽ കുമാർ എൻ, ആർ.എസ് ബിനുരാജ്, വി.കെ സുനിൽകുമാർ, ജി സജിത്ത് കുമാർ, യു.പി നൗഷാദ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വരും ദിവസങ്ങളിലും ലോകകപ്പിനോടനുബന്ധിച്ച് വൈവിധ്യമാർന്ന കായിക മത്സരങ്ങൾ സ്കൂളിൽ അരങ്ങേറുമെന്ന് സംഘാടകർ അറിയിച്ചു.



# മുഹമ്മ ബോട്ട്ജെട്ടി–പാതിരാമണൽ ദ്വീപ് റോപ്‌വേ

**മുഹമ്മ:** പാതിരാമണൽ ദ്വീപിനെ ലോകോത്തര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റാൻ സഹായിക്കുന്ന മുഹമ്മ ജെട്ടി-പാതിരാമണൽ റോപ് വേ പദ്ധതിയിലൂടെ കായൽ ടൂറിസത്തിന് പുതിയ ഉണർവ് ലഭിക്കുമെന്ന പ്രതീക്ഷയിലാണ് വിനോദസഞ്ചാര മേഖല. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി യാഥാർഥ്യമായാൽ പാതിരാമണലിലേക്കുള്ള യാത്ര കൂടുതൽ സുരക്ഷിതവും വേഗത്തിലുമായേക്കും. മുഹമ്മ ഗ്രാമത്തിന് വികസനക്കുതിപ്പ് നൽകാൻ കഴിയുന്ന ഈ പദ്ധതി സംസ്ഥാന ബജറ്റിലൂടെയാണ് ആദ്യമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

നിലവിൽ ബോട്ട് സർവീസുകളെ മാത്രം ആശ്രയിച്ചാണ് ദ്വീപിലേക്കുള്ള യാത്ര. കാലാവസ്ഥാ മാറ്റങ്ങളും ജല ഗതാഗതത്തിലെ പരിമിതികളും മൂലം പലപ്പോഴും യാത്ര തടസ്സപ്പെടുന്ന സാഹചര്യത്തിലാണ് പുതിയ പ്രഖ്യാപനം. മുഹമ്മ ജെട്ടിയിൽ നിന്ന് കായലിനു മുകളിലൂടെ കേബിൾ കാർ സംവിധാനത്തിൽ പാതിരാമണലിലെത്തുന്ന രീതിയിലാണു റോപ്പ് വേ പദ്ധതിക്ക് രൂപം നൽകുന്നത്. പദ്ധതി യാഥാർഥ്യമായാൽ വേമ്പനാട്ട് കായലിന്റെയും മുഹമ്മയുടെയും കുമരകത്തിന്റെയും ദൃശ്യഭംഗി ആകാശത്തിലൂടെ ആസ്വദിക്കാനുള്ള അപൂർവ അനുഭവം സഞ്ചാരികൾക്ക് ലഭിക്കും.

സന്ദർശകരുടെ എണ്ണം വർധിക്കുന്നതോടെ പരിസ്ഥിതി സൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ, നടപ്പാതകൾ, പക്ഷിനിരീക്ഷണ കേന്ദ്രങ്ങൾ, വിശ്രമ സൗകര്യങ്ങൾ, ഭക്ഷണശാലകൾ, ശുചിമുറികൾ എന്നിവ വികസിപ്പിക്കാനും പ്രാദേശികമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള സാധ്യതകളും വർധിക്കും.

അതേസമയം, വേമ്പനാട്ട് കായലിന്റെയും പാതിരാമണലിന്റെയും ജൈവവൈവിധ്യത്തിനും ദേശാടനപക്ഷികളുടെ ആവാസവ്യവസ്ഥയ്ക്കും ദോഷമുണ്ടാകാത്ത തരത്തിൽ വിശദമായ പരിസ്ഥിതി പഠനവും കേന്ദ്ര സംസ്ഥാന അനുമതികളും ഉറപ്പാക്കിയ ശേഷമേ പദ്ധതി നടപ്പാക്കാവൂ എന്ന ആവശ്യവും ഉയരുന്നുണ്ട്.

വികസനവും പ്രകൃതി സംരക്ഷണവും ഒരുപോലെ ഉറപ്പാക്കിയാൽ കേരളത്തിലെ കായൽ ടൂറിസത്തിന്റെ ചരിത്രത്തിലെ നാഴികക്കല്ലായി മുഹമ്മ,പാതിരാമണൽ റോപ് വേ മാറുമെന്നാണ് പ്രതീക്ഷ. ബജറ്റ് പ്രഖ്യാപനത്തിന് പിന്നാലെ പദ്ധതി യാഥാർഥ്യമാക്കാൻ വിശദമായ പദ്ധതി റിപ്പോർട്ട് അടിയന്തരമായി പൂർത്തിയാക്കണമെന്ന ആവശ്യം ഉയരുന്നുണ്ട്.



# മുഖ്യമന്ത്രിയുമായി നബാർഡ് സിജിഎം കൂടിക്കാഴ്ച നടത്തി

**തിരുവനന്തപുരം:** കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കാർഷിക മുന്നേറ്റത്തിനും നബാർഡിന്റെ പൂർണ പിന്തുണ തുടരുമെന്ന് നബാർഡ് കേരള റീജിയണൽ ചീഫ് ജനറൽ മാനേജർ നഗേഷ് കുമാർ അനുമാല നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന കൂടിക്കാഴ്ചയിൽ അറിയിച്ചു.

സംസ്ഥാനത്ത് നബാർഡ് നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികളുടെയും വരുംകാല പദ്ധതികളുടെയും പുരോഗതി സിജിഎം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച അടിസ്ഥാന സൗകര്യ വികസനം, തീരദേശ സംരക്ഷണം, കാർഷിക പുരോഗതി, കണക്റ്റിവിറ്റി പദ്ധതികൾ എന്നിവയ്ക്ക് നബാർഡിന്റെ ശക്തമായ പിന്തുണ ലഭ്യമാകുമെന്ന് അദ്ദേഹം ഉറപ്പുനൽകി.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, ജലജീവൻ മിഷന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ, കിഫ്ബി, ഫുഡ് പാർക്കുകൾ എന്നിവയ്ക്കുള്ള നബാർഡിന്റെ ധനസഹായവും പങ്കാളിത്തവും ചർച്ചയിൽ പ്രധാന വിഷയങ്ങളായി. കേരളത്തിന്റെ വികസന രംഗത്ത് നബാർഡിന്റെ സാമ്പത്തിക സഹായം നിർണായക പങ്കാണ് വഹിച്ചുവരുന്നതെന്ന് കൂടിക്കാഴ്ചയിൽ വിലയിരുത്തി. നബാർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതിയും സിജിഎം മുഖ്യമന്ത്രിയെ ധരിപ്പിച്ചു.

കേരള സർക്കാരിന്റെ വികസന വീക്ഷണത്തോട് ചേർന്ന് കാർഷിക മേഖലയിലെ ആധുനികവത്കരണം, പുതിയ സാങ്കേതികവിദ്യകളുടെ പ്രചാരം, കാർഷിക സംരംഭങ്ങൾക്ക് പിന്തുണ, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ നബാർഡ് സജീവ പങ്കാളിത്തം വഹിക്കുമെന്നും കൂടിക്കാഴ്ചയിൽ ഉറപ്പുനൽകി.

# വിലയിടിവ്; റംബുട്ടാൻ കർഷകർ പ്രതിസന്ധിയിൽ

**കോതമംഗലം:** റംബുട്ടാന്റെ വിലയിടിവ് കർഷകരെ പ്രതിസന്ധിയിലാക്കി. വിപണിയിൽ കച്ചവടക്കാർ കുറഞ്ഞതും കാലാവസ്ഥാമാറ്റം ഗുണനിലവാരത്തെ ബാധിച്ചതുമാണ് വിലയിടിവിനു കാരണം.

നേരത്തേ റബറിനുണ്ടായ വിലയിടിവും ടാപ്പിംഗ് തൊഴിലാളികളുടെ അഭാവവും മൂലം കർഷകർ വ്യാപകമായി തോട്ടങ്ങൾ വെട്ടിമാറ്റി റംബുട്ടാൻ കൃഷി ചെയ്യാൻ തുടങ്ങിയിരുന്നു. സ്ഥലപരിമിതിയുള്ളവരും വീട്ടുമുറ്റത്ത് ഒന്നും രണ്ടും റംബുട്ടാൻ കൃഷി ചെയ്തു. ഇതോടെ അഭ്യന്തരവിപണിയിൽ ഇതു സുലഭമായി. ഉത്പാദനത്തിനൊത്ത് ആവശ്യക്കാർ ഇല്ലാതായതും ഇതര സംസ്ഥാനങ്ങളിലേക്കും മറ്റു രാജ്യങ്ങളിലേക്കും കയറ്റുമതി കാര്യമായി ഇല്ലാത്തതും ഡിമാൻഡ് കുറയാനിടയാക്കിയിട്ടുണ്ട്.

പഴങ്ങൾ വിളവെടുത്താൽ കൂടുതൽ ദിവസം കളർ മാറാതെയും കേടുകൂടാതെയും സൂക്ഷിക്കാനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.



മുൻകാലങ്ങളിൽ റമ്പൂട്ടാൻ കായ്ച്ചുതുടങ്ങി സീസൺ ആരംഭിക്കുമ്പോൾത്തന്നെ കച്ചവടക്കാർ എത്തി വിലയുറപ്പിച്ച് അഡ്വാൻസ് നൽകി ചെടികളിൽ വലയിട്ട് സംരക്ഷിച്ച് യഥാസമയം പഴങ്ങൾ പറിച്ചുപോകുന്നത് പതിവായിരുന്നു. ഇക്കുറി ഇത്തരം കച്ചവടക്കാർ നന്നേ കുറവാണെന്ന് കർഷകർ പറയുന്നു

നിലവിൽ വിപണിയിൽ കിലോയ്ക്ക്180 മുതൽ 350 രൂപ വരെയാണു ചില്ലറ വില്പന വില. എന്നാൽ കൃഷിക്കാർക്ക് 80-100 രൂപ മാത്രമേ കിട്ടുന്നുള്ളൂ. റംബുട്ടാൻ കർഷകരുടെ പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണമെന്ന ആവശ്യം ശക്തമാകുന്നു. കർഷകരെ സഹായിക്കാനും ന്യായവില ഉറപ്പാക്കാനും ഹോർട്ടികോർപ്, വിഎഫ്പിസികെ തുടങ്ങിയ സർക്കാർ ഏജൻസികൾ വഴി റംബുട്ടാൻ സംഭരിക്കാൻ തയാറാകണമെന്നാണ് കർഷകരുടെ ആവശ്യം.

മൂല്യവർധിത ഉത്പന്നങ്ങളിലേക്കു നീങ്ങാൻ കൃഷിക്കാർക്ക് ആവശ്യമായ സാമ്പത്തികസഹായവും പരിശീലനവും നൽകണം. പഴങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ നൂതന സാങ്കേതികവിദ്യകൾ സർക്കാർ തലത്തിൽ ലഭ്യമാക്കണമെന്നും കർഷകർ ആവശ്യപ്പെടുന്നു.



# കാലഘട്ടത്തിന്റെ വെല്ലുവിളികളോട് പ്രതികരിക്കണം: മാർ ക്രിസോസ്റ്റമോസ്

**തിരുവല്ല:** ദൈവസ്നേഹത്തിൽ അധിഷ്ഠിതമായി കാലഘട്ടത്തിന്റെ വെല്ലുവിളികളോടു ക്രിയാത്മകമായി പ്രതികരിക്കുമ്പോഴാണ് ക്രൈസ്തവ സാക്ഷ്യം സമൂഹത്തിൽ ഫലവത്താകുന്നതെന്ന് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത. വൈഎംസിഎ സബ് റീജിയൻ

സ്നേഹവും കരുണയും സേവനവും മുഖമുദ്രയാക്കിയ ജീവിതശൈലിയിലൂടെ സമൂഹത്തിൽ പ്രത്യാശയുടെ വെളിച്ചം പരത്താൻ എല്ലാവരും പ്രതിജ്ഞാബദ്ധരാകണമെന്ന് മെത്രാപ്പോലീത്ത പറഞ്ഞു.

ചെയർമാൻ ജോജി പി. തോമസ് അധ്യക്ഷത വഹിച്ചു. ദേശീയ വൈഎംസിഎ ഉപദേശക സമിതി വൈസ് ചെയർമാൻ റെജി ജോർജ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം സാം ഈപ്പൻ, ദേശീയ നിർവഹണ സമിതിയംഗം ജോ ഇലഞ്ഞിമൂട്ടിൽ, റീജണൽ യൂത്ത് വർക്ക് കമ്മറ്റി ചെയർമാൻ ലിനോജ് ചാക്കോ, ബ്ലോക്ക് പഞ്ചായത്ത് അംഗം ഫ്രാൻസിസ് വി. ആൻറണി, മുൻ റീജണൽ ചെയർമാൻ വി.സി. സാബു, ദേശീയ പേഴ്സണൽ സമിതിയംഗം ജോസഫ് നെല്ലാനിക്കൻ, ജൂബിലി കമ്മിറ്റി ചെയർമാൻ വർഗീസ് ടി. മങ്ങാട്, സഖറിയ പനയ്ക്കാമറ്റം കോർ എപ്പിസ്കോപ്പാ, ഫാ. വി.എ ഏബ്രഹാം, ഫാ. ഡോ. കുര്യൻ ദാനിയേൽ, സബ് റീജൺ ജനറൽ കൺവീനർ സുനിൽ മറ്റത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

സബ് റീജണിന്റെ റൂബി ജൂബിലിയോടനുബന്ധിച്ച് വിവിധ വൈഎംസിഎകളിൽ അംഗങ്ങളായിട്ടുള്ള വൈദികർ, പ്രഫഷണൽസ്, സൈനികർ, കർഷകർ, സാഹിത്യകാരന്മാർ എന്നിവരെ ആദരിച്ചു.

# ഓണത്തിന് പുഷ്പ സമൃദ്ധി: അതിരമ്പുഴയിൽ പൂവ് കൃഷിക്ക് തുടക്കമായി

**അതിരമ്പുഴ:** അതിരമ്പുഴയിൽ ഇക്കുറി ഓണത്തിന് പുഷ്പസമൃദ്ധി. ഓണക്കനി നിറപ്പൊലിമ എന്ന പേരിൽ ബന്തിപ്പൂ കൃഷിക്ക് തുടക്കം കുറിച്ചു. ചെടികൾ നട്ട് പഞ്ചായത്ത് പ്രസിഡൻറ് ഒ.എ. സജി ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ രണ്ട്, ഏഴ് വാർഡുകളിലെ വനിതാ ജെഎൽജി ഗ്രൂപ്പുകളാണ് കൃഷിക്ക് മുൻകൈയെടുക്കുന്നത്. ബന്തിപ്പൂവിനൊപ്പം പച്ചക്കറി തൈകളും നട്ടുപിടിപ്പിക്കുന്നുണ്ട്. കൃഷിയിലൂടെ സമൃദ്ധിയിലേക്ക്, വനിതാ കാർഷിക വികസനം എന്ന ലക്ഷ്യം മുൻനിർത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും വനിതാ ജെഎൽജി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ബന്തിപ്പൂ, പച്ചക്കറി കൃഷിക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. ഓണക്കാലത്ത് നാടൻ പൂക്കളും പച്ചക്കറികളും ലഭ്യമാക്കുക എന്നതിനൊപ്പം വനിതകളുടെ കാർഷിക പങ്കാളിത്തവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

രണ്ടാം വാർഡിൽ വാർഡ് മെംബർ ജോണി തോട്ടപ്പള്ളി, മറ്റ് മെംബർമാരായ പ്രിയ ബാസ്റ്റിൻ, ഐറിഷ് മോൾ, എഡിഎസ് അംഗം എം.ജെ. മേരി, ബി.സി. ജോമേഷ്, എന്നിവരും ഏഴാം വാർഡിൽ വാർഡ് മെമ്പർ മാത്യു തേക്കുനിൽക്കുംപറമ്പിൽ, കൃഷി ഓഫീസർ ഡോ. എം.എസ്. അശ്വിനി, സിനിമോൾ ബീഗം, മെംബർ സൗമ്യ വാസുദേവൻ, സിഡിഎസ് ചെയർപേഴ്സൺ ലത രാജൻ, അഗ്രിസിആർപി ഷൈനി റെജി എന്നിവരും സന്നിഹിതരായിരുന്നു.




# അന്താരാഷ്ട്ര ഒളിമ്പിക്ദിന കൂട്ടയോട്ടം

**കൊച്ചി:** എറണാകുളം ജില്ലാ ഒളിമ്പിക് അസോസിയേഷനും ജില്ലാ സ്പോർട്സ് കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച അന്താരാഷ്ട്ര ഒളിമ്പിക്ദിന വാരാഘോഷ പരിപാടികൾ സമാപിച്ചു. ആയിരങ്ങൾ പങ്കെടുത്ത കൂട്ടയോട്ടത്തോടെയാണ് പരിപാടികൾ സമാപിച്ചത്.

മഹാരാജാസ് കോളജ് സ്റ്റേഡിയത്തിൽ സിറ്റി പോലീസ് കമ്മീഷണർ എസ്. കാളിരാജ് മഹേഷ്കുമാർ ഒളിമ്പിക് പതാക ഉയർത്തി. കളക്ടർ ജി. പ്രിയങ്ക ഒളിമ്പിക് റൺ ഫ്ളാഗ് ഓഫ് ചെയ്തു. മഹാരാജാസ് കോളജ് സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച കൂട്ടയോട്ടം മറൈൻഡ്രൈവ് വാക്ക്‌വേയിൽ, വാട്ടർ മെട്രോ സ്റ്റേഷന് സമീപം സമാപിച്ചു.

സമാപന സമ്മേളന കെഎംആർഎൽ എംഡി ലോകനാഥ് ബഹ്റ ഉദ്ഘാടനം ചെയ്തു. ജില്ലാ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ഡെന്നി തോമസ് അധ്യക്ഷത വഹിച്ചു. മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

# സ്മാർട്ട് ക്ലാസ് റൂം പദ്ധതി ഉദ്ഘാടനം

**വൈശ്യംഭാഗം:** കുട്ടനാട് കേന്ദ്രമായി പ്രവർത്തിക്കുന്ന എം.എസ്. സ്വാമിനാഥൻ ഗവേഷണ നിലയത്തിൻ്റെയും എൽഐസി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് ഇന്ത്യയുടെയും സംയുക്ത ആഭിമുഖ്യത്തിൽ വൈശ്യംഭാഗം ബിബിഎം എച്ച്എസിനു നൽകിയ സ്മാർട്ട് ക്ലാസ് റൂമിന്റെ പ്രവർത്തനോദ്ഘാടനം കൊടിക്കുന്നിൽ സുരേഷ് എംപി നിർവഹിച്ചു. നെടുമുടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.കെ. വിനോദ് അധ്യക്ഷത വഹിച്ചു .

അഡ്വ. ജിബിൻ തോമസ്, ജില്ലാ പഞ്ചായത്ത് മെംബർ മഞ്ജു വിജയകുമാർ, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗോകുൽ ഷാജി, ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് മെംബർ പ്രിയങ്ക പ്രലോഷ്, ലാലിച്ചൻ വഞ്ചിക്കൽ, ധനീഷ, ടി.ഡി. ജോജോ, ടോം ജോസഫ്, സ്കൂൾ ഹെഡ്മിസ്ട്രസ് റോസ്മേരി മൈക്കിൾ, അധ്യാപക പ്രതിനിധി സൂസൻ മാത്യു എന്നിവർ പ്രസംഗിച്ചു.

# ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തന വർഷ ഉദ്ഘാടനം

**അതിരമ്പുഴ:** ചെറുപുഷ്പ മിഷൻ ലീഗ് അതിരമ്പുഴ മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനം ഫൊറോനാ വികാരി ഫാ. മാത്യു പടിഞ്ഞാറേക്കുറ്റ് നിർവഹിച്ചു. മേഖലാ പ്രസിഡന്റ് എമിലിൻ അധ്യക്ഷത വഹിച്ചു.

ഫൊറോന ഡയറക്ടർ ഫാ. ജോസഫ് നെടുംപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. മാർട്ടിൻ നീലംപറമ്പിൽ, ആനിമേറ്റർ ബോബി തോമസ് വടാശേരി, സിസ്റ്റർ വിനീത, സാലിച്ചൻ തുമ്പേക്കളം, ഷിബു മാത്യു, ജിൻസി നടക്കൽ, സാലി കല്ലുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

# അമലയിൽ മൊബൈൽ ഡിജിറ്റൽ എക്സ്റേ മെഷീൻ സ്ഥാപിച്ചു

**തൃശൂർ:** ജില്ലയിലെ ആദ്യത്തെ മൊബൈൽ ഡിജിറ്റൽ എക്സ്റേ മെഷീൻ അമല മെഡിക്കൽ കോളജിൽ സ്ഥാപിച്ചു. എഐ സാങ്കേതികവിദ്യയിലുള്ള അത്യാധുനിക പതിപ്പാണ് ഈ മെഷീൻ.

ഹൈ ഫ്രീക്വൻസി എക്സ്റേ ജനറേറ്റർ ഉള്ളതിനാൽ പേഷ്യന്റ് റേഡിയേഷൻ ഡോസ് വളരെ കുറവായിരിക്കും. ലിഥിയം അയേൺ ബാറ്ററിയിൽ പ്രവർത്തിക്കുന്ന മോട്ടോറൈസ്ഡ് മെഷീൻ ആയതിനാൽ ഐസിയുവിലേക്കും രോഗികളുടെ അടുത്തേക്കും വളരെ എളുപ്പത്തിൽ കൊണ്ടുപോകാൻ കഴിയും. മെഷീന്റെ സ്വിച്ച്ഓൺ അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ നിർവഹിച്ചു.



# അന്താരാഷ്ട്ര യോഗദിനം: സൈബർപാർക്കിൽ യോഗ സെഷൻ സംഘടിപ്പിച്ചു

**കോഴിക്കോട്:** അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി സൈബർപാർക്കിൽ യോഗ സെഷൻ സംഘടിപ്പിച്ചു. ശ്രീ ശ്രീ സ്കൂൾ ഓഫ് യോഗയുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്.

സൈബർപാർക്കിന്റെ മൾട്ടിപർപ്പസ് ഓഡിറ്റോറിയമായ സഹ്യയിൽ നടന്ന സെഷന് പരിശീലകരായ ആനന്ദും റൂമയും നേതൃത്വം നൽകി. ശാരീരിക ക്ഷേമം, മാനസികാരോഗ്യം, സമ്മർദ്ദ നിയന്ത്രണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന യോഗാഭ്യാസങ്ങൾ പരിശീലിപ്പിച്ചു.

ദൈനംദിന ജീവിതത്തിൽ യോഗ ഉൾപ്പെടുത്തുന്നതിന്റെ പ്രാധാന്യവും സന്തുലിതവും ആരോഗ്യകരവുമായ ജീവിതശൈലി നിലനിർത്തുന്നതിന്റെ ഗുണങ്ങളും പരിപാടിയിൽ ചർച്ച ചെയ്തു.

ഏകാഗ്രത, ക്ഷേമം എന്നിവ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായുണ്ടായിരുന്നു.

# മെറിറ്റസ് കപ്പ് ചാമ്പ്യനായി പത്ത് വയസുകാരൻ ആരവ് സുരേക്ക



**കോയമ്പത്തൂർ:** മുംബൈ സ്വദേശിയായ പത്ത് വയസുകാരൻ ആരവ് സുരേക്ക (റായോ റേസിങ്) മെക്കോ മെറിറ്റസ് കപ്പിലെ മൈക്രോ മാക്സ് വിഭാഗം ചാമ്പ്യനായി. കോഎസ്റ്റ് കാർട്ടിങ് സർക്യൂട്ടിൽ നടന്ന മത്സരത്തിൽ അവസാനദിനത്തിൽ രണ്ടും അഞ്ചും സ്ഥാനങ്ങളിൽ ഫിനിഷ് ചെയ്ത ആരവ് 78 പോയിന്റുമായി കിരീടം സ്വന്തമാക്കി. സിദാൻ അനീസും ആയാൻഷ് പാട്ടീലും 72 പോയിന്റ് വീതം നേടി രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തി. അവസാനദിന യോഗ്യതാ മത്സരത്തിൽ രണ്ടാം സ്ഥാനത്തെത്തിയ ആരവ് ആദ്യ റേസിൽ മികച്ച പ്രകടനത്തോടെ രണ്ടാം സ്ഥാനവും നേടി. രണ്ടാം റേസിൽ എഞ്ചിൻ തകരാർ നേരിട്ടെങ്കിലും അഞ്ചാം സ്ഥാനത്ത് ഫിനിഷ് ചെയ്ത് നിർണായക പോയിന്റുകൾ നേടുകയായിരുന്നു. രാജ്യത്തെ മികച്ച യുവ കാർട്ടിങ് താരങ്ങൾക്കെതിരായ പോരാട്ടത്തിൽ സ്ഥിരതയാർന്ന പ്രകടനമാണ് ആരവിനെ ചാമ്പ്യൻപട്ടത്തിലേക്ക് നയിച്ചത്. റായോ റേസിങിന്റെ മറ്റൊരു താരം കിയാൻ ഷാ രണ്ടാം റേസിൽ രണ്ടാം സ്ഥാനത്തെത്തി പോഡിയം ഫിനിഷും സ്വന്തമാക്കി.

# തൃശൂർ റെയിൽവേ സ്റ്റേഷനിൽ നെസ്കഫേ കിയോസ്ക് തുടങ്ങി




**തൃശൂർ:** ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ച് നെസ്ലെ ഇന്ത്യയുടെ ഔട്ട്ഓഫ്ഹോം ബിസിനസ് വിഭാഗമായ 'നെസ്ലെ പ്രൊഫഷണൽ', തൃശൂർ റെയിൽവേ സ്റ്റേഷനിൽ പുതിയ നെസ്കഫേ കിയോസ്ക് പ്രവർത്തനം ആരംഭിച്ചു. റെയിൽവേയുമായി സഹകരിച്ച് നെസ്ലെ പ്രൊഫഷണൽ ആരംഭിക്കുന്ന ആദ്യത്തെ കിയോസ്ക്കാണിത്. യാത്രക്കാർക്ക് ഗുണമേന്മയുള്ള കാപ്പിയും ഭക്ഷ്യപാനീയങ്ങളും ലഭ്യമാക്കി, യാത്രാനുഭവം കൂടുതൽ സൗകര്യപ്രദമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഈ സംരംഭത്തിലൂടെ റെയിൽവേ ശൃംഖലയിൽ സാന്നിധ്യം ശക്തമാക്കാനും കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാനും കമ്പനി പദ്ധതിയിടുന്നു. രാജ്യത്തുടനീളമുള്ള വിവിധ റെയിൽവേ ഡിവിഷനുകളിൽ ഇത്തരം കിയോസ്കുകൾ ആരംഭിക്കാൻ നെസ്ലെ പ്രൊഫഷണൽ ലക്ഷ്യമിടുന്നുണ്ട്. നിലവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, യാത്രാ കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ രാജ്യത്താകമാനം 1,000ത്തിലധികം കിയോസ്കുകൾ നെസ്ലെ പ്രൊഫഷണലിന്റെ റീട്ടെയിൽ വൺ ശൃംഖലയിലുണ്ട്.



# രാസവളങ്ങളുടെ അമിത ഉപയോഗത്തിനെതിരെ സിഎംഎഫ്ആർഐയുടെ ബോധവൽക്കരണം

**കൊച്ചി:** കൃഷിയിടങ്ങളിൽ രാസവളങ്ങൾ അമിതമായി ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ദേശീയതലത്തിൽ നടപ്പാക്കുന്ന 'ധേത് ബച്ചാവോ അഭിയാനിന്റെ' ഭാഗമായി സിഎംഎഫ്ആർഐയിൽ നടന്ന ബോധവൽകരണ പരിപാടിയിൽ 200ലേറെ കർഷകർ പങ്കെടുത്തു. രാസവളങ്ങളുടെ അളവ് കുറച്ച് മണ്ണും പരിസ്ഥിതിയും സംരക്ഷിക്കുന്ന പ്രകൃതിദത്ത കൃഷിരീതികളിലേക്ക് കർഷകർ മാറണമെന്ന് വിദഗ്ധർ ആവശ്യപ്പെട്ടു.

രാസവളങ്ങളോടുള്ള അമിത പ്രിയം മണ്ണിന്റെ സ്വാഭാവിക പോഷകഘടനയെ ബാധിക്കും. ജലവായു മലിനീകരണത്തിനും ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനും അതുവഴി കടുത്ത പരിസ്ഥിതി നാശത്തിനും കാരണമാകും. അമിത രാസവളപ്രയോഗത്തിലൂടെയുണ്ടാകുന്ന പോഷക ചോർച്ച ജലാശയങ്ങളിലേക്ക് ഒഴുകിയെത്തുന്നത് മത്സ്യസമ്പത്തിനെയും ദോഷകരമായി ബാധിക്കുമെന്ന് വിദഗ്ധർ പറഞ്ഞു.

മത്സ്യമേഖലയിലെ നൂതന സാങ്കേതികവിദ്യകൾ സംയോജിപ്പിച്ച് സിഎംഎഫ്ആർഐ. വികസിപ്പിച്ചെടുത്ത ജൈവ ഉൽപന്നങ്ങളുടെ പ്രദർശനവും ഇതോടൊപ്പം നടന്നു. കടൽപായലുകളിൽ നിന്ന് നിർമ്മിച്ച ബയോഫെർട്ടിലൈസറുകൾ, ബയോസ്റ്റിമുലന്റുകൾ, മത്സ്യമാലിന്യങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഫിഷ്‌ലൈസർ എന്ന ജൈവവളം, ജൈവമാലിന്യ സംസ്കരണത്തിനുള്ള പട്ടാളപുഴു അധിഷ്ഠിത സാങ്കേതികവിദ്യ എന്നിവയുടെ ഉപയോഗം പരിചയപ്പെടുത്തി.

ഇത്തരം ജൈവസംരംഭങ്ങൾ മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനും, സുസ്ഥിരമായ പ്രകൃതിദത്ത കൃഷിരീതികൾക്കും പ്രയോജനകരമാകുമെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത സിഎംഎഫ്ആർഐ. ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് പറഞ്ഞു.ജൈവമാലിന്യ സംസ്കരണത്തിന് പുറമെ, പട്ടാളപുഴുവിനെ ഉപയോഗിച്ച് മത്സ്യത്തീറ്റ നിർമിക്കുന്ന രീതിയും കർഷകർക്ക് പരിചയപ്പെടുത്തി.

ദേശീയതല കാമ്പയിനിന്റെ ഭാഗമായി മണ്ണും ജലസമ്പത്തും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ കേരളത്തിലെ മുപ്പതോളം കൃഷിഗ്രാമങ്ങൾ സന്ദർശിച്ചു. കഴിഞ്ഞ രണ്ടു മാസത്തിനിടെ കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ അഞ്ച് സംസ്ഥാനങ്ങളിലെ 12 ജില്ലകളിലായി ആയിരത്തി അഞ്ഞൂറിലധികം കർഷകരെ ബോധവൽകരിക്കാനായെന്ന് ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

ഡോ. കാർത്തിക കെ.എസ്, ഡോ സനൽ എബ്നേസർ, ഡോ വിദ്യ ആർ എന്നിവർ സംസാരിച്ചു.

# ടിസിഎസ് ഇൻക്വിസിറ്റീവ് 2026: രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ടാറ്റ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിക്കുന്ന ഇൻറർസ്കൂൾ ക്വിസ് മത്സരമായ ടിസിഎസ് ഇൻക്വിസിറ്റീവ്ന്റെ 2026 എഡിഷൻ പ്രഖ്യാപിച്ചു. ഇതിനായി കൊച്ചിയിലെ വിദ്യാർത്ഥികൾക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഇരുപത്തിയേഴാം വർഷത്തിലേക്ക് കടക്കുന്ന ഈ ക്വിസ് മത്സരം സാങ്കേതികവിദ്യയെ ഉൾക്കൊണ്ടും മാറിക്കൊണ്ടിരിക്കുന്ന ലോകത്തിനൊപ്പം സഞ്ചരിച്ചും എപ്പോഴും മുന്നിട്ടുനിൽക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്ന, രാജ്യത്തെ ഏറ്റവും മികച്ച മത്സരങ്ങളിലൊന്നാണ്. ടിസിഎസ് ഇൻക്വിസിറ്റീവിൽ 8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും, പ്രീയൂണിവേഴ്സിറ്റി, ജൂനിയർ കോളേജ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. കൊച്ചി, പൂനെ, ഇൻഡോർ, ബെംഗളൂരു, അഹമ്മദാബാദ്, നാഗ്പൂർ, ഹൈദരാബാദ്, ചെന്നൈ, ഡൽഹി, ഭുവനേശ്വർ, കൊൽക്കത്ത, മുംബൈ തുടങ്ങി 12 നഗരങ്ങളിലായാണ് ക്വിസ് മത്സരത്തിൻറെ പ്രാഥമിക റൗണ്ട് മത്സരങ്ങൾ നടക്കുന്നത്. ഓരോ നഗരത്തിൽ നിന്നുമുള്ള മികച്ച ടീമുകൾ സെമി ഫൈനലിലേക്ക് യോഗ്യത നേടുകയും മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനലിൽ മത്സരിക്കുകയും ചെയ്യും. വിദ്യാർത്ഥികളുടെ മികച്ച പങ്കാളിത്തവും അധ്യാപകരുടെയും മാതാപിതാക്കളുടെയും പൂർണ പിന്തുണയുമുള്ള, ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ ഇൻറർസ്കൂൾ ക്വിസ് പ്ലാറ്റ്ഫോമുകളിലൊന്നാണ് ടിസിഎസ് ഇൻക്വിസിറ്റീവ്. 2026 എഡിഷൻ, വിദ്യാഭ്യാസം, വിനോദം, കായികം മുതൽ ബിസിനസ് ട്രെൻഡുകൾ, പരസ്യങ്ങൾ, സോഷ്യൽ മീഡിയ തുടങ്ങി വിപുലമായ വിഷയങ്ങളെ ഉൾക്കൊള്ളുന്നതായിരിക്കും. സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഈ ക്വിസ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഓട്ടോമേഷൻ, ബയോമെട്രിക്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളെക്കുറിച്ചുള്ള അറിവുകളും പരിശോധിക്കും. അപേക്ഷകൾ ഓൺലൈനായി ടിസിഎസ് ഇൻക്വിസിറ്റീവ് വെബ്സൈറ്റ് വഴി സമർപ്പിക്കണം. ടിസിഎസ് ഇൻക്വിസിറ്റീവ് 2026നെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, https://www.tcs.com/inquizitive എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ടിസിഎസ് ഇൻക്വിസിറ്റീവ് പോലുള്ള സംരംഭങ്ങളിലൂടെ, വിദ്യാർത്ഥികളിൽ ജിജ്ഞാസ ഉണർത്താനും, അവരുടെ കഴിവുകളെ പരിപോഷിപ്പിക്കാനും, എഐയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വരും തലമുറയെ പ്രാപ്തരാക്കാനുമാണ് ടിസിഎസ് ലക്ഷ്യമിടുന്നതെന്ന് ടിസിഎസ് ചീഫ് ഹ്യൂമൻ റിസോഴ്സസ് ഓഫീസർ സുദീപ് കുന്നുമ്മൽ പറഞ്ഞു. ഇതോടൊപ്പം, സ്വാശ്രയവും സമ്പൽസമൃദ്ധവുമായ ഒരു ഇന്ത്യയെ വാർത്തെടുക്കാൻ സഹായിക്കുന്ന സയൻസ്ടെക്നോളജി എഞ്ചിനീയറിംഗ് മാത്തമാറ്റിക്സ് അടിത്തറയെ ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.




# പരിമിതികളെ വെല്ലുവിളിച്ച ഒരു ദശകം: ഇന്ത്യാസ് നെക്സ്റ്റ് ഡക്കാർ ഹീറോ പദ്ധതിക്ക് തുടക്കമിട്ടു

**കൊച്ചി:**ലോകത്തിലെ ഏറ്റവും വലിയ മോട്ടോർസൈക്കിൾസ്കൂട്ടർ നിർമ്മാതാക്കളായ ഹീറോ മോട്ടോകോർപ്പ്, ജയ്പൂരിലെ സെന്റർ ഫോർ ഇന്നൊവേഷൻ ആൻഡ് ടെക്നോളജിയിൽ (സിഐടി) വെച്ച് ഹീറോ മോട്ടോസ്പോർട്സ് ടീം റാലിയുടെ പത്താം വാർഷികം ആഘോഷിച്ചു. ആഗോള റാലി റേസിംഗ് രംഗത്ത് ഇന്ത്യയുടെ സാന്നിധ്യം ശക്തമായി അടയാളപ്പെടുത്തിയ ഒരു ദശകത്തിന്റെ നേട്ടങ്ങൾ അനുസ്മരിച്ചുകൊണ്ടായിരുന്നു ഈ ആഘോഷം. ഒരു നാഴികക്കല്ലായി മാറിയ ഈ ആഘോഷത്തിൽ 2024 എഫ്ഐഎം വേൾഡ് റാലിറെയ്ഡ് ചാമ്പ്യൻ (ഡബ്ല്യു2ആർസി) റോസ് ബ്രാഞ്ച്, തെക്കേ അമേരിക്കയിലെ നാച്ചോ കോർനെജോ, ദക്ഷിണാഫ്രിക്കൻ റാലിറെയ്ഡ്, മോട്ടോക്രോസ് റൈഡറായ മൈക്കൽ ഡോച്ചെർട്ടി, ഇന്ത്യയിലെ മോട്ടോക്രോസ്, സൂപ്പർക്രോസ് റൈഡർ ശ്ലോക് ഘോർപഡെ എന്നിവരുൾപ്പെടെയുള്ള മുൻനിര റേസിംഗ് താരങ്ങളെ, ഇന്ത്യയിലെ മുൻനിര പ്രൊഫഷണൽ വനിതാ ബൈക്കർമാരായ സോംയ്യ മോക്ഷ ചൗധരി ക്കൊപ്പം ഒരുമിച്ച് കൊണ്ടുവന്നു.

ഹീറോ മോട്ടോസ്പോർട്സ് ടീം റാലിയുടെ ഹെഡ് ഓഫ് മോട്ടോസ്പോർട്സും ടീം മാനേജറുമായ വോൾഫ്ഗാങ് (വാഫി) ഫിഷർ, സ്പാനിഷ് റാലി വിദഗ്ധനും ഹെഡ് ഓഫ് നാഷണൽ മോട്ടോസ്പോർട്സ് ജോർഡി ഗ്രു എന്നിവരുൾപ്പെടെ ടീമിന്റെ രൂപീകരണത്തിലും വളർച്ചയിലും നിർണായക പങ്കുവഹിച്ച പ്രമുഖരും, ഡീലർമാരും, പങ്കാളികളും, മോട്ടോസ്പോർട്സ് രംഗത്തെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

ഹീറോ മോട്ടോസ്പോർട്സ് ടീം റാലി രണ്ടാം ദശകത്തിലേക്ക് കടക്കുന്ന ഈ ഘട്ടത്തിൽ, തങ്ങളുടെ റാലി റേസിംഗ് യാത്രയുടെ ഭാവിയെ രൂപപ്പെടുത്തുന്ന മൂന്ന് സുപ്രധാന പ്രഖ്യാപനങ്ങളും ഈ അവസരത്തിൽ നടത്തി. ആദ്യമായി, ഡക്കാർ റാലിയുടെയും എഫ്ഐഎം വേൾഡ് റാലിറെയ്ഡ് ചാമ്പ്യൻഷിപ്പിന്റെയും സംഘാടകരായ അമൗറി സ്പോർട് ഓർഗനൈസേഷ (എഎസ്ഒ) നുമായുള്ള പങ്കാളിത്തം കമ്പനി പുതുക്കി.

ഈ സുപ്രധാന അവസരത്തിൽ, ഹീറോ മോട്ടോകോർപ്പിന്റെ എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. പവൻ മുഞ്ജാൽ 'ഇന്ത്യാസ് നെക്സ്റ്റ് ഡക്കാർ ഹീറോ (ഐഎൻഡിഎച്ച്)' പദ്ധതി പ്രഖ്യാപിച്ചു. ഇന്ത്യയിലെ അടുത്ത തലമുറ റാലിറെയ്ഡ് പ്രതിഭകളെ കണ്ടെത്തുകയും വളർത്തിയെടുക്കുകയും ചെയ്യുന്നതിനായി രൂപകൽപ്പന ചെയ്ത, ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്.

ഇക്കൂട്ടത്തിലെ അവസാന പ്രഖ്യാപനമായി, വളർന്നുവരുന്ന ഇന്ത്യൻ ഓഫ്റോഡ് റേസറായ ശ്ലോക് ഘോർപഡെയെ ഹീറോ മോട്ടോസ്പോർട്സ് ടീമിലേക്ക് ഔദ്യോഗികമായി സ്വാഗതം ചെയ്തു.

ജയ്പൂരിലെ കമ്പനിയുടെ അത്യാധുനിക ഗവേഷണ വികസന കേന്ദ്രത്തിൽ നടന്ന പരിപാടിയിൽ ഹീറോ മോട്ടോസ്പോർട്സ് ടീം റാലിയുടെ ഡാക്കർ മെഷീനുകളുടെയും റൈഡർമാരുടെയും ഒരു പ്രത്യേക പ്രദർശനവും ഉണ്ടായിരുന്നു. ലോകത്തിലെ ഏറ്റവും വെല്ലുവിളി നിറഞ്ഞ റാലി വേദികളിൽ ഹീറോ മോട്ടോസ്പോർട്സിന്റെ ഐതിഹാസികമായ ഒരു ദശകത്തെ നിർവചിച്ച അക്ഷീണമായ വൈദഗ്ധ്യത്തിന്റെയും സഹനശക്തിയുടെയും പോരാട്ടവീര്യത്തിന്റെയും നേർക്കാഴ്ച അതിഥികൾക്ക് ഇതിലൂടെ ലഭിച്ചു. ടീമിലെ താരങ്ങളുടെ പ്രത്യേക ഓഫ്റോഡ് പ്രകടനവും പരിപാടിയുടെ ഭാഗമായിരുന്നു.

2016ൽ ആരംഭിച്ച ഹീറോ മോട്ടോസ്പോർട്സ് ടീം റാലി, ലോകത്തിലെ ഏറ്റവും ദുഷ്കരമായ ഭൂപ്രദേശങ്ങളിൽ തങ്ങളുടെ അത്യാധുനിക സാങ്കേതികവിദ്യകൾ പരീക്ഷിക്കുന്നതിനും അന്താരാഷ്ട്ര റാലി രംഗത്ത് ഇന്ത്യയുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനുമായാണ് ഹീറോ മോട്ടോകോർപ്പ് രൂപവത്കരിച്ചത്. അതിനുശേഷം ഡക്കാർ റാലിയും എഫ്ഐഎം വേൾഡ് റാലിറെയ്ഡ് ചാമ്പ്യൻഷിപ്പും ഉൾപ്പെടെ അന്താരാഷ്ട്ര മോട്ടോർസ്പോർട്സിന്റെ ഏറ്റവും ഉയർന്ന തലങ്ങളിൽ മത്സരിച്ച് ലോകത്തിലെ മുൻനിര റാലിറെയ്ഡ് ടീമുകളിലൊന്നായി ഹീറോ മോട്ടോസ്പോർട്സ് വളർന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ നിരവധി പോഡിയം ഫിനിഷുകളും ചരിത്രവിജയങ്ങളും സ്വന്തമാക്കിയ ടീം, ആഗോള റാലി റേസിംഗ് ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം കൂടുതൽ ഉറപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.

# ചർമാരോഗ്യം: അവബോധ പ്രചാരണവുമായി എ.ബി.സി

**കൊച്ചി:** സൗന്ദര്യവർധക ഉത്പന്നങ്ങൾ താൽക്കാലിക തിളക്കം നൽകുമെങ്കിലും, ചർമത്തിന്റെ യഥാർഥ ആരോഗ്യം ശരീരത്തിനുള്ളിലെ പോഷണത്തിന്റെ പ്രതിഫലനമാണെന്ന് ചൂണ്ടിക്കാട്ടി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ പുതിയ ക്യാമ്പയിൻ തുടങ്ങി. ചർമത്തിന് കോശങ്ങളുടെ തലം മുതൽ സംരക്ഷണം നൽകാൻ ആറ് അടിസ്ഥാന പോഷകങ്ങൾ ആവശ്യമാണ്.

ഇതിൽ അൾട്രാവയലറ്റ് രശ്മികളിൽ നിന്ന് കോശങ്ങളെ സംരക്ഷിക്കുന്ന വിറ്റാമിൻ ഇ, കൊളാജൻ ഉത്പാദനത്തിലൂടെ ചർമത്തിന്റെ ഇലാസ്തികത നിലനിർത്തുന്ന വിറ്റാമിൻ സി, വരൾച്ച മാറ്റി ഈർപ്പം നൽകുന്ന ഒമേഗ3 ഫാറ്റി ആസിഡുകൾ എന്നിവ പ്രധാന പങ്കുവഹിക്കുന്നു. ബദാം, നെല്ലിക്ക, സിട്രസ് പഴങ്ങൾ, ചിയാ സീഡുകൾ എന്നിവയിലൂടെ ഇവ എളുപ്പത്തിൽ ശരീരത്തിലെത്തിക്കാമെന്ന് ക്യാമ്പയിനിൽ സംസാരിച്ച മാക്സ് ഹെൽത്ത് കെയർ ഡയറ്റെറ്റിക്സ് റീജിയണൽ ഹെഡ് റിതിക സമദ്ദാർ ചൂണ്ടിക്കാട്ടി.

ഇവ കൂടാതെ ചർമത്തിലെ എണ്ണ ഉത്പാദനം നിയന്ത്രിച്ചു മുഖക്കുരു കുറയ്ക്കുന്ന സിങ്ക്, ചത്ത കോശങ്ങളെ നീക്കി സ്വാഭാവിക നിറം നൽകുന്ന ബീറ്റാ കരോട്ടിൻ, ചർമം സുഗമമായി സൂക്ഷിക്കാൻ സഹായിക്കുന്ന ബയോട്ടിൻ എന്നിവയും ആരോഗ്യകരമായ ചർമത്തിന് അത്യാവശ്യമാണ്.

കടല, കാരറ്റ്, മധുരക്കിഴങ്ങ്, മുട്ട, നേന്ത്രപ്പഴം എന്നിവയാണ് ഇവയുടെ പ്രധാന സ്രോതസുകൾ. വിലകൂടിയ ബ്യൂട്ടി പ്രൊഡക്ടുകൾക്ക് പുറകെ പോകാതെ, അടുക്കളകളിൽ തന്നെ ലഭ്യമായ ഈ പോഷകങ്ങൾ അടങ്ങിയ സമീകൃതവും സസ്യവിഭവങ്ങൾ നിറഞ്ഞതുമായ ഭക്ഷണക്രമത്തിലൂടെ ചർമത്തിന് നിലനിൽക്കുന്ന സ്വാഭാവിക തിളക്കം നൽകാനാകുമെന്നും റിതിക സമദ്ദാർ ചൂണ്ടിക്കാട്ടി.

# കൊച്ചിയിൽ ആക്സിസ് ബാങ്കിന്റെ ഡിജിഡെസ്ക് ശാഖ

**കൊച്ചി:** ആക്സിസ് ബാങ്ക് കേരളത്തിലെ ആദ്യത്തെ ഡിജിഡെസ്ക് സ്വയംസേവന ബാങ്കിംഗ് ശാഖ കാക്കനാട് സൈബർ പാർക്കിൽ ആരംഭിച്ചു. വ്യവസായ, ബാഹ്യ സഹകരണം, റവന്യൂ (വഖഫ്) വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐഎഎസ് ശാഖ ഉദ്ഘാടനം ചെയ്തു. പേപ്പർ രഹിതവും വേഗമേറിയതുമായ ബാങ്കിംഗ് സേവനങ്ങൾ ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതാണ് ഡിജിഡെസ്കിന്റെ പ്രത്യേകത. സേവിംഗ്സ് അക്കൗണ്ട് തുറക്കൽ, സ്ഥിര നിക്ഷേപം, വായ്പ, ക്രെഡിറ്റ് കാർഡ്, ഫോറക്സ് കാർഡ്, ഫാസ്റ്റാഗ് തുടങ്ങിയ സേവനങ്ങൾ ഉപഭോക്താക്കൾക്ക് സ്വയം പൂർത്തിയാക്കാം. കേരളത്തിൽ നിലവിൽ ആക്സിസ് ബാങ്കിന് 165 ശാഖകളും 216 എടിഎമ്മുകളും പ്രവർത്തിക്കുന്നു.

# സ്മാർട്ട് കൂളിംഗിന്റെ പുതിയ അനുഭവവുമായി സാംസങ്

**കൊച്ചി:** ഇന്ത്യയിലെ പ്രീമിയം റെസിഡൻഷ്യൽ മേഖലയിൽ സ്മാർട്ട് കൂളിംഗ് അനുഭവം പുനർനിർവചിച്ചുകൊണ്ട്, വിൻഡ്ഫ്രീ കൂളിംഗ്, പിഎം1.0 പ്യൂരിഫിക്കേഷൻ, സ്മാർട്ട്തിങ്സ് കണക്റ്റിവിറ്റി, എഐ സജ്ജമായ വിആർഎഫ് സാങ്കേതികവിദ്യ എന്നിവ സംയോജിപ്പിച്ച അടുത്ത തലമുറ ക്ലൈമറ്റ് സൊല്യൂഷനുകൾ അവതരിപ്പിച്ചു.

ഉയർന്നുവരുന്ന താപനില, മോശമാകുന്ന വായുവിന്റെ ഗുണനിലവാരം, സ്മാർട്ട് ഹോം ആവശ്യകതകൾ എന്നിവ പരിഗണിച്ച് രൂപകൽപ്പന ചെയ്ത ഈ സംവിധാനം, കൂടുതൽ ആരോഗ്യകരവും ഊർജക്ഷമവുമായ ജീവിതാനുഭവം ഉറപ്പാക്കുന്നു. വിൻഡ്ഫ്രീ സാങ്കേതികവിദ്യ നേരിട്ടുള്ള തണുത്ത വായുവിന്റെ അസ്വസ്ഥത ഒഴിവാക്കി സമീകൃതമായ കൂളിംഗ് നൽകുമ്പോൾ, പിഎം1.0 പ്യൂരിഫിക്കേഷൻ സംവിധാനം സൂക്ഷ്മ പൊടിക്കണങ്ങളും ബാക്ടീരിയകളും നീക്കം ചെയ്ത് ഇൻഡോർ വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നു.

സ്മാർട്ട്തിങ്സ് പ്ലാറ്റ്ഫോമിലൂടെ ഉപയോക്താക്കൾക്ക് സ്മാർട്ട്ഫോൺ ഉപയോഗിച്ച് എയർ കണ്ടീഷനിംഗ് സംവിധാനം നിയന്ത്രിക്കാനും ഊർജ ഉപഭോഗം നിരീക്ഷിക്കാനും സാധിക്കും. അതേസമയം, എഐ സജ്ജമായ ഡിവിഎം എസ്2 വിആർഎഫ് സാങ്കേതികവിദ്യ മികച്ച കൂളിംഗ് പ്രകടനവും ഊർജക്ഷമതയും ഉറപ്പാക്കുന്നു.ഇന്നത്തെ ഉപഭോക്താക്കൾ സാധാരണ കൂളിംഗിനപ്പുറം ആരോഗ്യകരമായ വായുവും സ്മാർട്ട് കണക്റ്റിവിറ്റിയും ഊർജക്ഷമതയും ആഗ്രഹിക്കുന്നു. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് സാംസങിന്റെ വിൻഡ്ഫ്രീ ക്ലൈമറ്റ് സൊല്യൂഷനുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്," എന്ന് സാംസങ് ഇന്ത്യയിലെ എസ്എസി ബിസിനസ് വിഭാഗം മേധാവി വിപിൻ അഗർവാൾ പറഞ്ഞു. ഗുരുഗ്രാമിലെ സെൻട്രൽ പാർക്ക് ഫ്ലവർ വാലിയുടെ ദി ഓർച്ചാർഡ് പദ്ധതിയിലെ 284 ആഡംബര വസതികളിലായി 4,864 എച്ച്പി ശേഷിയുള്ള ഈ സംയോജിത ക്ലൈമറ്റ് സൊല്യൂഷൻ വിന്യസിച്ചിട്ടുണ്ടെന്നും, ഭാവിയിലെ സ്മാർട്ട് റെസിഡൻഷ്യൽ വികസനങ്ങൾക്ക് ഇത് മാതൃകയാകുമെന്നും കമ്പനി അറിയിച്ചു.